(ബി) ബസ് ടെർമിനൽ ഉദ്ഘാടനം ചെയ്യപ്പെടുന്നതിന് മുമ്പ് തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽനിന്നും 74 സർവ്വീസുകൾ കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട സ്ഥലങ്ങളിലേക്കും പുറമേ കോയമ്പത്തൂർ, നാഗർകോവിൽ, തെങ്കാശി, കട്ടപ്പന, മൂന്നാർ, ബംഗളൂരു എന്നിവിടങ്ങളിലേക്കും സർവ്വീസ് നടത്തിയിരുന്നു. ഇപ്പോൾ 77 സർവ്വീസുകൾ പ്രസ്തുത റൂട്ടുകളിൽ ഓപ്പറേറ്റ് ചെയ്യുവരുന്നു.

ആറ്റിങ്ങൽ ഡിപ്പോയിലെ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ

208(5797) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ നിലവിലുള്ള കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത ഡിപ്പോയിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനിതാ യാത്രക്കാർക്കും ജീവനക്കാർക്കും വേണ്ടി ടോയ്ലെറ്റ് സൗകര്യത്തോടുകൂടി ഒരു വിശ്രമകേന്ദ്രം പുതുതായി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഒരു കോടിയോളം രൂപ ചെലവാക്കി 9 ബേ ഗ്യാരേജ് അതിനോടനുബന്ധിച്ചുള്ള ഗ്യാരേജ് ആവശ്യത്തിനുള്ള മുറികളുടെ നിർമ്മാണവും നടന്നുവരുന്നു.

(സി) കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതി അനുസരിച്ച് പുതിയ കെട്ടിടം നിർമ്മിക്കാൻ ഇപ്പോൾ സാധ്യമല്ല. ഏതെങ്കിലും വിധത്തിലുള്ള ഫണ്ട് ലഭ്യമായാൽ നിർമ്മിക്കാവുന്നതാണ്.

അമിത ചാർജ് ഈടാക്കുന്നത് തടയാൻ നടപടി

209(5798) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓട്ടോ, ടാക്സി യാത്രകൾക്ക് അമിതചാർജ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അമിത ചാർജ് ഈടാക്കുന്നത് തടയാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly